**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07.06.2021-ലെ വിജ്ഞാപന പ്രകാരമുള്ള മോട്ടോർ വാഹന നിയമ ഭേദഗതിയിൽ ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർക്ക് എന്തൊക്കെ യോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത്; വിശദമാക്കാമോ; | (എ) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 31(B) 3(III) പ്രകാരം അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്ററുകളിൽ ഇൻസ്ട്രക്ടർമാരായി നിയമിക്കപ്പെടുന്നതിന് താഴെ പറയുന്ന യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>I. അംഗീകൃത Board/Institution ൽ നിന്നുള്ള പന്ത്രണ്ടാം ക്ലാസ് പാസ്സ് യോഗ്യത ഉണ്ടായിരിക്കണം.<br><br>II. 5 വർഷത്തിൽ കുറയാത്ത ഡ്രൈവിംഗ് പരിചയത്തിനു പുറമെ, കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാരിനു കീഴിലുള്ള ടെക്നിക്കൽ എഡ്യുക്കേഷൻ ബോർഡ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും മോട്ടോർ മെക്കാനിക്കിലുള്ള സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിലെ ഉന്നത ബിരുദമോ ഉണ്ടായിരിക്കണം.<br><br>III. ട്രാഫിക് സിഗ്നലുകളെ കുറിച്ചുള്ള പൂർണ്ണമായ അവബോധം ഉണ്ടായിരിക്കണം.<br><br>IV. വാഹനത്തെ കുറിച്ചും, വാഹനത്തിന്റെ വിവിധ ഘടകങ്ങളെയും, യന്ത്ര സംവിധാനങ്ങളുടെ പ്രവർത്തനത്തെ കുറിച്ചും വിശദീകരിക്കുന്നതിനും ബോധ്യപ്പെടുത്തുന്നതിനുമുള്ള പാടവം ഉണ്ടായിരിക്കണം.<br><br>V. വിവിധ തരത്തിലുള്ള ഡ്രൈവിംഗ് രീതികളെ കുറിച്ചും, സിമുലേറ്റർ ഉപയോഗിച്ച് പരിശീലനം നൽകുന്നതിനുള്ള അറിവും ഉണ്ടായിരിക്കണം.<br><br>VI. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം, പ്രസ്തുത സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രാദേശിക ഭാഷാ പ്രാവീണ്യവും ഉണ്ടായിരിക്കണം. |
| (ബി) | പ്രസ്തുത ഭേദഗതികൾ നിലവിൽ വരുന്നതിനുമുമ്പ് ഇൻസ്ട്രക്ടർമാരായിരുന്നവർക്ക് യോഗ്യതകളിൽ | (ബി) | പ്രസ്തുത ഭേദഗതി വരുന്നതിനു മുൻപ് 5 വർഷത്തിൽ കുറയാതെ ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാരായി |

| | | | |
|---|---|---|---|
| | എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത ഇളവുകൾ നിലവിൽ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ; | | പ്രവർത്തിച്ചിട്ടുള്ളവർക്ക് മേൽ പറഞ്ഞിട്ടുള്ള യോഗ്യതകളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര നിയമത്തിലും ആക്ടിലും വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കേന്ദ്ര നിയമത്തിലും ആക്ടിലും വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരുന്നു.<br><br>കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07.06.2021-ലെ വിജ്ഞാപന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് പുതുതായി അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.<br><br>ആയതുമായി ബന്ധപ്പെട്ട അപേക്ഷകളുടെ മാതൃകയും, മാർഗ്ഗ നിർദ്ദേശവും എം.വി.ഡി. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുള്ള സജ്ജീകരണങ്ങൾ സാരഥി സോഫ്റ്റ് വെയറിന്റെ പോർട്ടലിൽ നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ